**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1365** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നെട്ടൂർ ചന്ത പാലത്തിന്റെ പുനർ നിർമ്മാണത്തിന് 19.60 കോടി രൂപയുടെ ഭരണാനുമതിയും 2060 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ പ്രവൃത്തിയുടെ TGDD പ്രകാരം HTL ൽ നിന്നുള്ള വെർട്ടിക്കൽ ക്ലിയറൻസ് 2.905 മീറ്ററാണ് ഉള്ളത്. എന്നാൽ IWAI യുടെ മാനദണ്ഡങ്ങൾ പ്രകാരം വേലിയേറ്റ സമയത്തുള്ള ജലനിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകണമെന്ന് ജലസേചന വകുപ്പിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ വെർട്ടിക്കൽ ക്ലിയറൻസ് 5 മീറ്റർ ആക്കി ഡിസൈൻ പുതുക്കേണ്ടതിനായി ഡിസൈൻ വിംഗിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി ആരംഭിക്കുവാൻ കഴിയും. പ്രവർത്തി ആരംഭിച്ചു കഴിഞ്ഞാൽ 18 മാസത്തിനകം പൂർത്തിയാക്കാൻ കഴിയും. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ